# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **1520** **13/6/2014** ൽ മറുപടിയ്ക്ക്

## കശുവണ്ടിയുടെ വിലത്തകർച്ച

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ. ഗുരുദാസൻ<br>,, സി. കൃഷ്ണൻ<br>,, കെ. കുഞ്ഞിരാമൻ (ഉദുമ)<br>,, പി.റ്റി.എ. റഹീം | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) കശുവണ്ടിയുടെ വില ഇടിവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തെല്ലാം കാരണത്താലാണ് വിലയിടിവ് സംഭവിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) ഉണ്ട്. കശുവണ്ടി ഉല്പാദിപ്പിക്കുന്ന പ്രധാന സംസ്ഥാനങ്ങളെ താരതമ്യം ചെയ്യുമ്പോൾ കേരളത്തിൽ കശുവണ്ടിക്ക് കുറഞ്ഞ വിലയാണ് ലഭിക്കുന്നത്. കശുവണ്ടിക്കായി ഒരു സംഘടിത വിപണന സമ്പ്രദായം കേരളത്തിൽ നിലവിലില്ലാത്തതും ഈ വിപണിയിൽ ഇടനിലക്കാരുടെ ഇടപെടലുകളും കർഷകർക്ക് കുറഞ്ഞ വില ലഭിക്കുവാൻ കാരണമാകുന്നുണ്ട്. |
| (ബി) വിലയിടിവ് മൂലം ദുരിതമനുഭവിക്കുന്ന കർഷകരെ സഹായിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) കേരളത്തിൽ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരളയുടെ 2014-15 സാമ്പത്തിക വർഷത്തിലെ അംഗീകരിച്ച വാർഷിക കർമ്മ പദ്ധതി പ്രകാരം കശുമാവിന്റെ ഹൈഡെൻസിറ്റി പ്ലാന്റിംഗ് നടപ്പിലാക്കുന്നതിനായി ഹെക്ടർ ഒന്നിന് 1.50 ലക്ഷം രൂപ എന്ന പരിധിക്ക് വിധേയമായി പദ്ധതി ചെലവിന്റെ 40 ശതമാനം തുകയായ 60,000 രൂപ 60:20:20 എന്ന അനുപാതത്തിൽ മൂന്ന് വർഷങ്ങളിലായി ധനസഹായമായി നൽകുന്നു. |
| (സി) കശുമാവ് തോട്ടങ്ങളെ ഭൂപരിധിയിൽ നിന്ന് ഒഴിവാക്കിയെങ്കിലും കശുവണ്ടി ഉല്പാദിപ്പിക്കുന്ന മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൃഷിസ്ഥലത്തിന്റെ വിസ്തൃതിയും ഉല്പാദനവും ക്രമേണ കുറഞ്ഞുവരുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ ? | (സി) റബ്ബർ കൃഷി കൂടുതൽ ലാഭകരമായതിനാൽ കൂടുതൽ കർഷകർ റബ്ബർ കൃഷിയിലേക്ക് തിരിയുന്നത് കശുമാവ് കൃഷിയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**